IV. സബ്മിഷൻ

(1) കേരള യൂണിവേഴ്സിറ്റി ജീവനക്കാരനായ ശ്രീകുമാർ മർദ്ദിക്കപ്പെട്ട സംഭവം

ശ്രീ. ഉമ്മൻചാണ്ടി : സർ, കഴിഞ്ഞ ഏതാനും ദിവസങ്ങളായി തല സ്ഥാന നഗരിയിൽ നടക്കരുതാത്ത കാര്യങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. രാവിലെ റൂൾ 50 അനുസരിച്ച് ഒരു പ്രശ്നം ഉന്നയിച്ചു. കഴിഞ്ഞ രണ്ടാഴ്ച യായി യൂണിവേഴ്സിറ്റിയിൽ ജീവനക്കാർ സമരം നടത്തുകയാണ്. ആ സമരം രാഷ്ട്രീയപ്രേരിതമാണെന്ന് മുഖ്യമന്ത്രിക്ക് പറയുവാൻ സാധിക്കുകയില്ല. കാരണം ഭരണമുന്നണിയിലുള്ള സി.പി.ഐ.യോട് ആഭിമുഖ്യമുള്ള യൂണിയ നുകളും അതിന്റെ മുമ്പന്തിയിലുണ്ട്. ആ സമരം ഒത്തുതീർപ്പിലാക്കുന്നതിന് ശ്രമിക്കാതെ ഗവൺമെന്റ് അതിനെ അടിച്ചമർത്താൻ ശ്രമിക്കുകയാണ്. സമര ത്തിന് നേതൃത്വം നൽകുന്ന ഡി. ശ്രീകുമാറിനേയും അവിടത്തെ നാല് വനിതാ ജീവനക്കാരികളേയും ട്രാൻസ്ഫർ ചെയ്തു. എവിടേയ്ക്കാണെന്നോ; കാമ്പസിന് പുറത്തേയ്ക്ക്. ഒരാവശ്യവുമില്ലാതെയാണ് ട്രാൻസ്ഫർ ചെയ്തത്. അവർ അപേക്ഷ കൊടുത്തു, കാമ്പസ്സ് വിട്ട് പുറത്തുപോയാൽ അക്രമമുണ്ടാ കും. വനിതാ ജീവനക്കാരടക്കമുള്ളവരെ ആക്രമിച്ച സാഹചര്യത്തിൽ അക്രമ മുണ്ടാകുമെന്ന് പറഞ്ഞു. സമ്മതിച്ചില്ല. ജോയിൻ ചെയ്യണമെന്ന് പറഞ്ഞ് രജി സ്ട്രാർ ടെലഗ്രാമടിച്ചു. 12.7.1999-ന് ശ്രീകുമാർ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് യൂണിയൻ ഓഫീസിൽ പോയി രജിസ്ട്രാർ ആവശ്യപ്പെട്ടതനുസരിച്ച് ഡ്യൂട്ടിക്ക് ഹാജരായി. ഡ്യൂട്ടിക്ക് ഹാജരായി പുറത്തേയ്ക്കുവരുന്ന സമയത്ത് നാല് എസ്.എഫ്.ഐ.ക്കാർ ചേർന്ന് ശ്രീകുമാറിനെ ക്രൂരമായി മർദ്ദിച്ചു. ജീവ നക്കാരികളെ ഫോണിൽക്കൂടി ഭീഷണിപ്പെടുത്തുകയും അസഭ്യം പറയുകയും ചെയ്യുന്നു. യൂണിവേഴ്സിറ്റി ജീവനക്കാരുടെ സമരം ഒത്തുതീർപ്പാക്കുന്നതിന് പകരം സ്റ്റാഫിൽപ്പെട്ട ചിലരെ കാമ്പസിന് പുറത്തേക്ക് ട്രാൻസ്ഫർ ചെയ്ത് ഒറ്റപ്പെടുത്തി അവരെ മർദ്ദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നത് ശരി യാണോ? പണ്ടൊക്കെ ഇതുപോലുള്ള സമരങ്ങളിൽ സി.ഐ.ടി.യു.ക്കാർ വന്ന് അടിക്കുമായിരുന്നു. ഇപ്പോൾ അവരെ കിട്ടാത്തതുകൊണ്ടാണോ എന്നറിയില്ല എസ്.എഫ്.ഐ.ക്കാരാണ് ഇത് ചെയ്യുന്നത്. ഇതൊരു പ്രാകൃതമായ സമീപന മാണ്. സമരം ചെയ്യുന്ന ജീവനക്കാരുടെ സമരം ഒത്തുതീർപ്പാക്കുന്നതിന് പകരം ഇതുപോലുള്ള മർദ്ദനമുറകൾ സ്വീകരിക്കുകയാണ്. പോലീസ് നടപടി സ്വീകരിക്കുന്നില്ല. യൂണിവേഴ്സിറ്റിയ്ക്കകത്ത് കയറി വനിതാ ജീവനക്കാരെ യാണ് ആക്രമിച്ചത്. ഇതുവരേയും ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. ഇതാണ് ഇതുപോലുള്ള അക്രമങ്ങൾ വർദ്ധിക്കുവാൻ കാരണം. ഈ നിയമസഭയിൽ പലവട്ടം ചർച്ചയ്ക്കുവന്ന പ്രശ്നത്തിൽ ഗവൺമെന്റ് നടപടികൾ സ്വീകരിക്കാ തിരിക്കുന്നത് ഈ സഭയോടുള്ള അനാദരവായിട്ടാണ് കാണുന്നത്; ഇതിനെ തിരെ നടപടിയെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, നെയ്യാറ്റിൻകര സ്വദേശി ശ്രീകുമാർ, കണ്ടാലറിയാവുന്ന അഞ്ചോളം പേർ ചേർന്ന് തന്നെ ദേഹോപദ്രവം ഏൽപ്പിച്ചതായി പറഞ്ഞ് 12.7.1999-ന് ഉച്ചയ്ക്ക് 2.30-ന് തിരുവന ന്തപുരം ജനറൽ ആശുപത്രിയിൽ എത്തി. പ്രഥമ ശുശ്രൂഷയ്ക്കുശേഷം ശ്രീകുമാർ ആശുപത്രിവിട്ടതായിട്ടാണ് റിപ്പോർട്ട്. ആശുപത്രിയിലെ മെഡി ക്കൽ ഓഫീസറുടെ അറിയിപ്പിന്റെ ക്രൈം 154/99-ാം നമ്പരായി മ്യൂസിയം പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഇതാണ് പോലീസ് റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly